# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# മാർത്തോമ്മാ യുവജനസഖ്യം പ്രസിഡന്റ്
## റൈറ്റ്. റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായിൽ നിന്നും

സർക്കുലർ നമ്പർ

കർത്താവിൽ വത്സലരേ,

മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിനും ക്രമപ്പെടുത്തിയിട്ടുള്ളതാണ് യുവജനവാരവും യുവജന ഞായറും. ഈ വർഷം ഒക്ടോബർ 9 മുതൽ 15 വരെ യുവജനവാരമായും ഒക്ടോബർ 16-ാം തീയതി യുവജന ഞായറായും സഭ വേർതിരിച്ചിരിക്കുന്നു. നമ്മുടെ യുവതീയുവാക്കന്മാരെ സഭയോടും സമൂഹത്തോടും ദൈവ വചനത്തോടുമുള്ള ബന്ധത്തിൽ ശക്തീകരിക്കുന്നതിന് യുവജനസഖ്യ പ്രവർത്തനങ്ങൾക്ക് കഴിയണം. നമ്മുടെ ഇടവകകളിലെ സഖ്യം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് യൗവ്വനക്കാരും ഇടവക വികാരി അച്ചന്മാരും അധികം ഉത്സാഹിക്കുക. വിവര സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഈ കാലഘട്ടത്തിൽ, കാലോചിതമായി ഉയരുന്നതിനും നല്ല ക്രൈസ്തവ സാക്ഷ്യമുള്ളവരായി സഭയിലും സമൂഹത്തിലും പ്രവർത്തിക്കുന്നതിനും യുവജനങ്ങൾ താല്പര്യപ്പെടണം.

ഈ വർഷം യുവജനവാരത്തിൽ പഠിക്കുന്നതിനായി തെരെഞ്ഞടുത്തിരിക്കുന്നത് ***‘ശബ്ദഘോഷങ്ങൾക്കിടയിൽ ദൈവത്തിന്റെ മൃദുസ്വരം’*** എന്ന വിഷയമാണ്. പഠനക്കുറിപ്പുകൾ ലഭിക്കുമ്പോൾ അവ കേന്ദ്രീകരിച്ച് ശാഖകളിൽ പഠനം നടത്തേണ്ടതാണ്. മലങ്കര സഭാ നവീകരണത്തോടു ചേർന്ന് “*മലങ്കരയിലെ നവീകരണവും കേരള നവോത്ഥാനവും*”, “*നമ്മുടെ ആരാധന ക്രമത്തിന്റെ വിശാലാർത്ഥങ്ങൾ*” എന്നീ രണ്ടു പുസ്തകങ്ങൾ പഠനത്തിനായി പ്രസിദ്ധപ്പെടുത്തുകയാണ്. ഈ വർഷം പഠനത്തിനായി ഈ പുസ്തകങ്ങൾ പ്രയോജനപ്പെടുത്തുക.

യുവജന ഞായർ സ്തോത്രകാഴ്ചയിൽ ഏവരും താല്പര്യത്തോടെ പങ്കെടുക്കണം. സ്തോത്രകാഴ്ച ഇനത്തിൽ 20 ലക്ഷം രൂപ ഈ വർഷം പ്രതീക്ഷിക്കുന്നു. 2011 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച സ്തോത്രകാഴ്ചയായി കവറിലും അല്ലാതെയും ലഭിക്കുന്ന മുഴുവൻ തുകയും താമസംവിനാ യുവജനസഖ്യം ആഫീസിലേക്ക് അയച്ചുകൊടുക്കുവാൻ ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കണം.

ഈ വർഷത്തെ യുവജന ഞായറാഴ്ച ആചരണവും സ്തോത്രകാഴ്ച ശേഖരണവും യുവജനവാരാചരണ പരിപാടികളും വിജയിപ്പിക്കുക.

കർത്താവ് അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് ശുഭം വർദ്ധിച്ചു വരുമാറാകട്ടെ.

*ക്രിസ്താബ്ദം 2011 സെപ്റ്റംബർ മാസം 17-ാം തീയതി അടൂർ യൂത്ത് സെന്ററിൽ നിന്നും*

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ**